CO-OPERATIVE SOCIETY FOR COIR INDUSTRY

22. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ട സദയം മറുപടി നൽകുമോ.—

പള്ളിപ്പുറം വില്ലേജിൽ ഒരു കയർ വ്യവസായ പരസ്പരസഹായസംഘം "വലിയ കാലതാമസം കൂടാതെ സ്ഥാപിക്കു"മെന്ന ക്ര ഫ്രഡ മകരം സെക്ഷന്ന ക്രന്ദ-ാംനമ്പർ ചോദ്യത്തിന്ന സമാധാനം പറഞ്ഞതനുസരിച്ച സ്ഥാപിച്ചൊ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഉവ്വ്. (കയർ വ്യവസായ പരസ്പരസഹായസംഘം ര—ക്ര ക്ര—ഫ ഡ—ൽ രജിസ്റ്റർ ചെയ്തു).

QUARTERS OF GOVERNMENT SERVANTS AT ERNAKULAM AND TRICHUR

23. മിസ്റ്റർ പ്യം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി നൽകുമൊ.—

എറണാകുളം, തൃശ്ശിവപേരൂർ എന്നീ പട്ടണങ്ങളിൽ ക്രഠ ഠക. യിൽ കുറഞ്ഞ ശമ്പളക്കാരായ ഗവമ്മെണ്ട് ഉദ്യോഗസ്ഥന്മാക്ക താമസിക്കുന്നതിന്ന കുവാർട്ടേഴ്സ് കൊടുക്കുന്നതിന വല്ല ആലോചനയും ഉണ്ടൊ ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : എറണാകുളത്തും തൃശ്ശിവപേരൂരും ജോലിചെയ്യുന്ന താഴ്ന്ന ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാക്ക് താമസിക്കുവാൻ വേണ്ട കുവാർട്ടേഴ്സ് ഉണ്ടാക്കുവാൻ ഗവമ്മെണ്ട് ആലോചിക്കുന്നുണ്ട്.

REPORTS OF COMMITTEES—PUBLICATION OF

24. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഗവമ്മെണ്ട നിയമിക്കുന്ന പ്രത്യേക കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ഏതുഭാഷയിലാണ് പ്രസിദ്ധപ്പെടുത്താറ്;

(ബി) ഇത്തരം ഏതെങ്കിലും ഒരു റിപ്പോർട്ട കഴിഞ്ഞ ഡ ഭ കൊല്ലത്തിനകത്തു മലയാളത്തിൽ—അഥവാ മലയാളത്തിലുംകൂടി—പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടൊ;

(സി) പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും മലയാളത്തിലുംകൂടി പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ ഔചിത്യത്തേയൊ ആവശ്യകതയേയൊ കുറിച്ചു ഗവമ്മെണ്ട ചിന്തിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ അവരുടെ തീരുമാനമെന്ത്?

റാവു സാഹിബ്ബ് എ. മാധവപ്രഭു :

(എ) ഇംഗ്ലീഷിൽ.

(ബി) ഇല്ല.

(സി) പ്രത്യേക കമ്മിറ്റികളും അയക്കുന്ന റിപ്പോർട്ടുകളും എല്ലാം ഇംഗ്ലീഷിൽ ആയിരുന്നതുകൊണ്ട് അവ തർജ്ജിമചെയ്ത പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗവമ്മെണ്ട് ചിന്തിച്ചിട്ടില്ല.

LOWER SECONDARY SCHOOL AT EDAVANAKKAD

25. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി നൽകുമൊ.—

(എ) എടവനക്കാട്ട് ഒരു ലോവർസെക്കണ്ടറി സ്കൂൾ ഹൈസ്കൂളാക്കുന്നതിനു് അനുവാദം നൽകിയിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ എന്നു;

(സി) അതു ഹൈസ്കൂളാക്കിയൊ;

(ഡി) ഹൈസ്കൂളാക്കിയെങ്കിൽ എന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) ക്രന്ദ ര ൭ മാച്ച് ക്രഠ-ാംനു.

(സി) ഉവ്വ്.

(ഡി) ക്രഫ്രഡ എടവം ക്രന്ദ-ാംനു/ക്രന്ദ ര൭ ജൂൺ ഡ-ാംനു. (അതായതു് ക്രഫ്രഡ—ക്രഫ്രഡ വിദ്യാഭ്യാസവഷ്ഠാരംഭം മുതൽ).

LIBRARY ARCHIVES Kerala Legislative Assembly